എമ്മാവൂസ് വചനദൂത്
Vol. VIII Issue : 58



# ഉയിർപ്പ് അഞ്ചാം ഞായർ

യോഹ. 21: 1–14

ഡീ. ചാക്കോ വടക്കേതലക്കൽ

"എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. നിന്റെ നാശത്തിനല്ല, ക്ഷേമത്തിനുള്ള ഒരു പദ്ധതി." ജറെമിയാ പ്രവാചകന്റെ പുസ്തകത്തിലെ ഏവർക്കും സുപരിചിതവും എല്ലാവരുടെയും മനസ്സുകളിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നതുമായ ഒരു വചനമാണിത്. ജീവിത വഴിയിൽ മനുഷ്യർ വിജയം വിഭാവനം ചെയ്യുന്നതൊക്കെ പലപ്പോഴും പരാജയങ്ങളായി മാറിയത് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ മനുഷ്യൻ പരാജയം എന്ന് വിഭാവനം ചെയ്തത് പലപ്പോഴും അത്ഭുതവിജയങ്ങളായി മാറിയതിനും ചരിത്രം സാക്ഷി.

വി. യോഹന്നാന്റെ സുവിശേഷം 21:1–14–ൽ ദൈവിക പദ്ധതികളെ നിരസിച്ച് സ്വന്തം വഴിതേടിപ്പോകുന്ന പരാജിതരായ ശിഷ്യഗണത്തെ കണ്ടുമുട്ടുന്നു. ഈശോ, പഠിപ്പിച്ചതും, നൽകിയതുമായ നല്ല കാര്യങ്ങളെ വിസ്മരിച്ച് ശിമയോൻ പത്രോസിന്റെ നേതൃത്വത്തിൽ ശിഷ്യനിര മീൻ പിടിക്കാ

നായി പോകുന്നത് പ്രതീകാത്മകമായി തന്നെ കാണാം.

ഈശോയുടെ മരണം ശിഷ്യരെ പ്രതിസന്ധിയിലാഴ്ത്തി. കാരണം, ഈശോ തന്റെ പീഡാനുഭവവും, മരണവും, ഉത്ഥാനവും ശിഷ്യരെ മുൻകൂട്ടി അറിയിച്ചെങ്കിലും അത് അവർക്ക് ഉൾക്കൊള്ളാനാവാത്ത യാഥാർത്ഥ്യങ്ങളായിരുന്നു. അതുകൊണ്ട് തങ്ങളുടെ മാനുഷികമായ സ്വപ്നങ്ങൾ തകർന്നു എന്ന് കരുതിയവർ ശിഷ്യത്വം ഉപേക്ഷിക്കാൻ തയ്യാറാവുകയാണ്. മീൻ പിടിക്കാൻ പോകുന്നത് ഈ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു.

എന്നാൽ ഈശോയുടെ ശിഷ്യത്വത്തെ പിൻതള്ളി അവർ നടത്തുന്ന മുന്നേറ്റം ഒരു വൻപരാജയമായി മാറുന്നു. ഈ പശ്ചാത്തലത്തിലാണ് ഈശോ ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നത്. 'കുഞ്ഞുങ്ങളെ, നിങ്ങളുടെ പക്കൽ വല്ലതുമുണ്ടോ' എന്ന ചോദ്യം. ഈശോയുടെ കൂടെ മാത്രമുള്ള അദ്ധ്വാനമേ വിജയമാകൂ എന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ്. "കർത്താവ് വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാണ്." പിന്നീട് ഈശോയുടെ നിർദ്ദേശപ്രകാരം അവന്റെ സാന്നിധ്യത്തിൽ അവരുടെ അദ്ധ്വാനം മുന്നോട്ട് കുതിക്കുമ്പോൾ പിന്നെ വിജയങ്ങളുടെ ചാകര അവർ കൊയ്യുകയാണ്.

സ്നേഹമുള്ളവരെ, ദൈവത്തിന്റെ വാക്കു കേട്ട് അവന്റെ വഴികളിലൂടെ സഞ്ചരിച്ചാൽ നിന്റെ ജീവിതവഴികളും ഫലം ചൂടി നിൽക്കും എന്നത് തീർച്ച. സുഭാഷിതങ്ങൾ 16:1-ൽ പറയുന്നതുപോലെ മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. എന്നാൽ അന്തിമ തീരുമാനം കർത്താവിന്റേതാണ്.

ഇന്ന് പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും എല്ലാം നിറഞ്ഞുനിൽക്കുക നൈരാശ്യം മൂലം ജീവിതം ഒടുക്കുന്നവരെക്കുറിച്ചാണ്. ജീവിത വഴി മദ്ധ്യേ തകർച്ചകളും, തളർച്ചകളും വന്നാൽ ഒരു പിടി കയർ തന്നെ പിന്നെ ശരണം എന്ന ചിന്താഗതികൾ മാറ്റിവച്ച് അങ്ങ് തിബേരിയാസിന്റെ തീരത്ത് നിനക്കായി ഒരു ക്രിസ്തു പ്രാതൽ ഒരുക്കി കാത്തിരിക്കുന്നു എന്ന പ്രത്യാശയുടെ ചിന്തകളിലേക്ക് ഉയരാം.

ലോകത്തിൽ ഇന്ന് വിജയികൾ എന്ന് ചൊല്ലി ലോകം ബഹുമാനിക്കുന്നവർ പണ്ട് വെറും 'വട്ടപൂജ്യ'മായിരുന്നു എന്ന് ഓർക്കണം. തുടക്കത്തിൽ അവരും ഒരുപാട് പരാജയങ്ങളും, കണ്ണീരുകളും ഏറ്റെടുത്തിരുന്നു. അത് അവർക്ക് പിന്നീട് വിജയത്തിന്റെ നാഴികക്കല്ലായി മാറി.

സച്ചിൻ തെണ്ടുൽക്കർ ഒരിക്കൽ പറഞ്ഞുവച്ചു 'നിങ്ങൾക്ക് ലഭിക്കുന്ന കല്ലേറുകളും പരാജയങ്ങളും വിജയത്തിലേക്കുള്ള നാഴികക്കല്ലുകളാക്കി മാറ്റുക' എന്ന്. എങ്കിൽ ഇനി നിരാശയുടെ പടുകുഴിയിൽ വീഴുമ്പോൾ പരിഭവങ്ങളും, പരാതികളും പറയരുത്. മറിച്ച് വിജയത്തിന്റെ പുതുകഥകൾ രചിക്കാൻ തിബേരിയാസിന്റെ തീരത്ത് ക്രിസ്തു നിനക്കായി കാത്തിരിക്കുന്നു എന്ന് മനസ്സിലാക്കാം. അവന്റെ വിളി ഇന്നും കാതുകളിൽ അലയടിക്കുന്നില്ലേ. "വാ മക്കളെ, വന്ന് പ്രാതൽ കഴിക്കുവിൻ" എന്ന്. ഇന്നും ദിവ്യകാരുണ്യമായി ക്രിസ്തു നിനക്കായി കാത്തിരിക്കുന്നു.